# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.992 01.03.2017-ലെ മറുപടി

### ബാവിക്കര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| എ | കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പുനരാരംഭിക്കുന്നത് സംബന്ധിച്ച് അടുത്ത കാലത്ത് വകുപ്പ് മന്ത്രിതല യോഗത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | എ | 1. 10.12.2016-ന് മുമ്പ് ക്രോസ് സെക്ഷൻ പ്രൊഫൈൽ എടുക്കുകയും 31.12.2016-ന് മുമ്പ് ഡയറക്ടർ കെ.ഇ.ആർ.ഐ ബോർഹോൾ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും വേണം.<br>2. വളരെ അടുത്തടുത്ത് ബോർഹോൾ ഇൻവെസ്റ്റിഗേഷൻ നടത്തി പാറയുടെ സാന്നിദ്ധ്യം മനസിലാക്കുകയും അതു നീക്കം ചെയ്യുന്നത് സംബന്ധിച്ചോ ഒഴിവാക്കുന്നത് സംബന്ധിച്ചോ നിലവിലുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കുക.<br>3. 27.12.2016-ന് റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഡിസൈൻ ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ പൂർത്തിയാക്കുക.<br>4. പുതുക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് 20.01.2017-ൽ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുക.<br>5. സർക്കാരിൽ നിന്നും ഭരണാനുമതി നൽകുന്നതിനെ തുടർന്ന് ചീഫ് എഞ്ചിനീയർ ഐ ആന്റ് എ സാങ്കേതികാനുമതിയും നൽകുക.<br>6. 03/2017 ഓടെ ദർഘാസ് നടപടി കൈക്കൊള്ളുക. |
| ബി | പ്രസ്തുത തീരുമാനങ്ങളിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | ബി | പ്രസ്തുത തീരുമാനപ്രകാരം ഡയറക്ടർ കെ.ഇ.ആർ.ഐ ബോർഹോൾ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള ഐ.ഡി.ആർ.ബി ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഡിസൈൻ സംബന്ധിച്ച് ചില കാര്യങ്ങളിൽ വ്യക്തത ആവശ്യമായതിനാൽ അത് ഐ.ഡി.ആർ.ബി യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ